**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1238** **10-10-2024 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സ്മാർട്ട് റോഡ് നിർമ്മാണം വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തിയാക്കാൻ സാധിക്കാത്തത് കാരണം ജനങ്ങൾ ദുരിതം അനുഭവിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | കെ.ആർ.എഫ്.ബി വഴി സ്മാർട്ട് റോഡാക്കുന്ന റോഡുകളുടെ നിർമ്മാണത്തിന് ഡൽഹി ആസ്ഥാനമായ 3 കമ്പനികളുമായി കരാറിൽ ഏർപ്പെട്ടു പ്രവർത്തികൾ തുടങ്ങിയെങ്കിലും, പദ്ധതി നടപ്പാക്കുന്നതിൽ കരാറുകാരനിൽ നിന്നും ഉണ്ടായ വീഴ്ചകൾ കാരണം പെർഫോർമൻസ് ഗ്യാരണ്ടി കണ്ടുകെട്ടി Risk and Cost വ്യവസ്ഥയിൽ കരാർ റദ്ദ് ചെയ്യുകയാണുണ്ടായത്. തുടർന്ന് പദ്ധതി പൂർത്തീകരണത്തിനായി ഓരോ റോഡുകൾക്കും പ്രത്യേകം ടെണ്ടർ ക്ഷണിച്ച് കരാറിൽ ഏർപ്പെട്ടു, പ്രവർത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. റോഡുകളെല്ലാം നിലവിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. 28 റോഡുകൾ സ്മാർട്ട്സിറ്റി പദ്ധതിയുടെ ഭാഗമായി നവീകരിച്ചിട്ടുണ്ട്. |
| (ബി) | നിർദ്ദിഷ്ട സമയപരിധി കഴിഞ്ഞിട്ടും നിരവധി തവണ സമയം ദീർഘിപ്പിച്ചു നൽകിയിട്ടും സ്മാർട്ട് റോഡിന്റെ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | സമയപരിധിക്കുള്ളിൽ സ്മാർട്ട് റോഡ് പദ്ധതി പൂർത്തീകരിക്കുന്നതിൽ പരാജയപ്പെട്ട M/s NAC - Landmark, Victoryone projects, RK Madhani, JK Infra എന്നീ കരാറുകാരുമായുണ്ടായിരുന്ന കരാർ Risk and Cost വ്യവസ്ഥയിൽ റദ്ദ് ചെയ്തു. 11,44,14,210/- രൂപയുടെ പെർഫോമൻസ് ഗ്യാരണ്ടി കണ്ടു കെട്ടിയിട്ടുണ്ട്. |
| (സി) | സ്മാർട്ട് റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | സ്മാർട്ട്സിറ്റി ഫണ്ട് ഉപയോഗിച്ച് 28 റോഡുകൾ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. എല്ലാ റോഡുകളും നിലവിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. 8റോഡുകളിൽ അവസാന ലെയർ ടാറിങ് ബാക്കിയുണ്ട്. ഇലക്ട്രിക്കൽ പ്രവർത്തികൾ, കുടിവെള്ള പൈപ്പുകളുടെ ഇന്റർ-കണക്ഷൻ തുടങ്ങിയ പണികൾ പൂർത്തീകരിക്കാൻ അതാതു വകുപ്പുകളുമായി ബന്ധപ്പെട്ടു വരുന്നു. ഇത് പൂർത്തീകരിച്ച് BC ലെയർ ടാറിങ് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ